# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2344 9.3.2018-ൽ മറുപടിയ്ക്ക്

**ക്ഷീരമേഖലയിലെ പരിഷ്കരണ നടപടികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | കേന്ദ്രസർക്കാർ കന്നുകാലികളുടെ വിപണനത്തിനും ക്രയവിക്രയത്തിനും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയന്ത്രണം കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച്, ഉൽപാദനക്ഷമത കൂടിയതും നല്ല ജനിതക ഗുണമുള്ളതുമായ കറവപ്പശുക്കളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുപകരം കിടാരികളെ വളർത്തി കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | എ) | കേന്ദ്രസർക്കാർ കന്നുകാലികളുടെ വിപണനത്തിനും ക്രയവിക്രയത്തിനും ഇപ്പോൾ കൊണ്ടു വന്നിട്ടുള്ള നിയന്ത്രണം കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിന് നിലവിൽ ബുദ്ധിമുട്ട് നേരിടുന്നില്ല. എന്നിരുന്നാലും കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ആദ്യപടിയെന്ന നിലയിൽ 2018-19 - ൽ 5 ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെയെങ്കിലും വളർത്തുന്ന കിടാരി പാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യം വെയ്ക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളു. |
| ബി) | കറവക്കാർക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | ബി) | ക്ഷേമനിധി രൂപീകരിക്കുന്നതിന് നിലവിൽ ആലോചന യില്ല. |
| സി) | മിൽമ എത്ര പാൽ പ്രതിദിനം അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ; | സി) | വിപണി നിലനിർത്തുന്നതിനു വേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും മിൽമ സംഭരിക്കുന്നു. |
| ഡി) | മിൽമ പാൽ വില വർദ്ധനവിന്റെ പൂർണ്ണ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ഡി) | ക്ഷീരസഹകരണ സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതരഖര പദാർത്ഥങ്ങളുടേ യും അടിസ്ഥാനത്തിൽ (ദ്വിമുഖ വിലസമ്പ്രദായം) ആണ് വില നൽകുന്നത്. 2017 ഫെബ്രുവരി 11 -ാം തീയതി പാൽവില ചാർട്ട് പരിഷ്കരിച്ചപ്പോൾ മിൽമ വിൽക്കുന്ന പാലിന് ലിറ്ററിന് 4/- രൂപ വർദ്ധിപ്പിച്ചു. വർദ്ധനയ്ക്ക് മുമ്പ് |

| | | | |
|---|---|---|---|
| | | | 3.5% കൊഴുപ്പും 8.5% കൊഴുപ്പിതരഖര പദാർത്ഥങ്ങൾ (SNF) ഉള്ള പാലിന് ലിറ്ററിന് 29.37/-രൂപ വില കർഷകന് ലഭിച്ചിരുന്നു. വിലവർദ്ധനക്കുശേഷം ഇതേ ഗുണനിലവാരമുള്ള പാലിന് 33.04/-രൂപ വില ലഭിക്കും. കർഷകന് 3.67/-രൂപയുടെ വില അധികമായി ലഭിക്കും. അതായത് 91.75 ശതമാനവും കർഷകർക്ക് ലഭിക്കുംവിധമാണ് പാൽവില പരിഷ്കരിച്ചിട്ടുള്ളത് |
| ഇ) | ഇതര സംസ്ഥാനങ്ങളിലെപ്പോലെ, ഉൽപാദനക്ഷമത കൂടിയതും നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായവയുമായ ഉരുക്കളെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | ഇ) | ഇതരസംസ്ഥാനങ്ങളിലെപ്പോലെ നമ്മുടെ സംസ്ഥാന ത്തും കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉരുക്കളെയാണ് (സങ്കരയിനം) കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ